**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1627** **11-09-2023 - ൽ മറുപടിയ്ക്ക്**

**ജീവനക്കാരന്റെ റിട്ടയർമെന്റ് അനുകൂല്യം ലഭിക്കാത്തത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. കെ. എം. അഷ്‌റഫ്** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | മഞ്ചേശ്വരം താലൂക്ക് ഹൊസബെട്ടു വില്ലേജ് ഓഫീസിലെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിന്നും 11-10-2019ന് വിരമിച്ച ശ്രീ. അബ്ദുള്ള.യു. എന്നയാളുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ടിയാന് റിട്ടയർമെന്റ് ആനുകൂല്യങ്ങൾ ലഭിക്കാൻ വൈകുന്നത് എന്ത്കൊണ്ടാണെന്ന് വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം താലൂക്ക് ഹൊസുബെട്ട് വില്ലേജ് ഓഫീസിലെ പാർട്ട് ടൈം സ്വീപ്പർ ആയിരുന്ന ശ്രീ. അബ്ദുള്ള യു. റോഡപകടത്തെ തുടർന്ന് 22.06.2018 മുതൽ ടിയാളുടെ വിരമിക്കൽ തീയതിയായ 31.10.2019 വരെ ശൂന്യവേതനാവധി അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ ശിപാർശ ചെയ്ത് ലാൻഡ് റവന്യൂ കമ്മീഷണർ 28.07.2021ലെ എൽ.ആർ.എൻ3-26831/2020 നമ്പർ കത്ത് പ്രകാരം സർക്കാരിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ REV-T3/160/2021-REV ഫയലിൽ പരിശോധിക്കുകയും, 05.07.2017 ലെ സ.ഉ.(പി) നം. 08/2017/ഉ.ഭ.പ.വ. പ്രകാരം പാർട്ട്-ടൈം കണ്ടിജന്റ് ജീവനക്കാർക്ക് ഒരു കലണ്ടർ വർഷം അർഹമായ സാഹചര്യങ്ങളിൽ ഭരണ വകുപ്പുകൾക്ക് പരമാവധി 240 ദിവസം വരെ മാത്രമേ ശൂന്യവേതനാവധി അനുവദിക്കുവാൻ വ്യവസ്ഥയുള്ളു എന്നതിനാൽ ടിയാന് ശൂന്യവേതനാവധി അനുവദിക്കുന്നതിന്മേൽ ധനകാര്യ, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പുകളുടെ അഭിപ്രായം ആവശ്യമായതിനാൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടുകയും തുടർന്ന് ടിയാന്റെ ശൂന്യവേതനാവധി കാലയളവ് ഏതൊക്കെ സർവ്വീസ് ആനുകൂല്യങ്ങൾക്കാണ് ബാധകമാകുന്നത് എന്നതിന്മേൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഭിപ്രായം തേടുകയും പാർട്ട് ടൈം ജീവനക്കാർക്ക് ശൂന്യവേതനാവധി അനുവദിക്കുമ്പോൾ അനുവദിക്കാവുന്ന സേവന/വേതന ആനുകൂല്യങ്ങൾ വ്യവസ്ഥ ചെയ്തിട്ടുള്ള 20.07.2023 -ലെ സ.ഉ.(പി) 13/2023/ഉ.ഭ.പ.വ. ഉത്തരവിന്റെ പകർപ്പ് സഹിതം ഫയൽ 08.08.2023 ന് ടി വകുപ്പ് മടക്കി നല്കുകയും ചെയ്തിട്ടുണ്ട്. തുടർ നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ഇത് സംബന്ധിച്ച് ലാന്റ് റവന്യൂ കമ്മീഷണർ | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ |

| | | | |
|---|---|---|---|
| | ഓഫീസിലെ എൽ.ആർ.എൻ3- 26831/2021 നമ്പർ ഫയൽ, സെക്രട്ടറിയേറ്റിലെ റവന്യൂ റ്റി3 -169/2021 നമ്പർ ഫയൽ എന്നിവയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | | മഞ്ചേശ്വരം താലൂക്ക് ഹൊസ്സബെട്ട് വില്ലേജ് ഓഫീസിലെ പാർട്ട് ടൈം സ്വീപ്പർ ആയിരുന്ന ശ്രീ. അബ്ദുള്ള യു. റോഡപകടത്തെ തുടർന്ന് 22.06.2018 മുതൽ ടിയാളുടെ വിരമിക്കൽ തീയതിയായ 31.10.2019 വരെ ശൂന്യവേതനാവധി അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ ശിപാർശ ചെയ്ത് ലാൻഡ് റവന്യൂ കമ്മീഷണർ 28.07.2021ലെ എൽ.ആർ.എൻ3-26831/2020 നമ്പർ കത്ത് പ്രകാരം സർക്കാരിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ REV-T3/160/2021-REV ഫയലിൽ പരിശോധിക്കുകയും, 05.07.2017 ലെ സ.ഉ.(പി) നം. 08/2017/ഉ.ഭ.പ.വ. പ്രകാരം പാർട്ട്-ടൈം കണ്ടിജന്റ് ജീവനക്കാർക്ക് ഒരു കലണ്ടർ വർഷം അർഹമായ സാഹചര്യങ്ങളിൽ ഭരണ വകുപ്പുകൾക്ക് പരമാവധി 240 ദിവസം വരെ മാത്രമേ ശൂന്യവേതനാവധി അനുവദിക്കുവാൻ വ്യവസ്ഥയുള്ളു എന്നതിനാൽ ടിയാന് ശൂന്യവേതനാവധി അനുവദിക്കുന്നതിന്മേൽ ധനകാര്യ, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പുകളുടെ അഭിപ്രായം ആവശ്യമായതിനാൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടുകയും തുടർന്ന് ടിയാന്റെ ശൂന്യവേതനാവധി കാലയളവ് ഏതൊക്കെ സർവ്വീസ് ആനുകൂല്യങ്ങൾക്കാണ് ബാധകമാകുന്നത് എന്നതിന്മേൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഭിപ്രായം തേടുകയും പാർട്ട് ടൈം ജീവനക്കാർക്ക് ശൂന്യവേതനാവധി അനുവദിക്കുമ്പോൾ അനുവദിക്കാവുന്ന സേവന/വേതന ആനുകൂല്യങ്ങൾ വ്യവസ്ഥ ചെയ്തിട്ടുള്ള 20.07.2023 -ലെ സ.ഉ.(പി) 13/2023/ഉ.ഭ.പ.വ. ഉത്തരവിന്റെ പകർപ്പ് സഹിതം ഫയൽ 08.08.2023 ന് ടി വകുപ്പ് മടക്കി നല്കുകയും ചെയ്തിട്ടുണ്ട്. തുടർ നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത വ്യക്തിയുടെ പെൻഷൻ ഉൾപ്പെടെയുള്ള റിട്ടയർമെന്റ് ആനുകൂല്യങ്ങൾ എപ്പോൾ ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | ശ്രീ. അബ്ദുള്ള യു. വിന് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്ന മുറയ്ക്ക് ടിയാന് പെൻഷൻ ഉൾപ്പെടെയുള്ള റിട്ടയർമെന്റ് ആനുകൂല്യങ്ങൾ അനുവദിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ